2024 JULY
05
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മുംബൈയെ ആവേശത്തിലാക്കി ലോകകപ്പ് വിജയ യാത്ര

**മുംബൈ:** കനത്ത മഴയെ വെല്ലുവിളിച്ച് മണിക്കൂറുകളോളം കാത്തിരുന്ന ആരാധകരെ ആവേശത്തിലാക്കി മുംബൈ നഗരത്തിൽ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ വിക്ടറി പരേഡ്. വൈകിട്ട് അഞ്ച് മണിക്ക് തുടങ്ങേണ്ടിയിരുന്ന ഇന്ത്യൻ താരങ്ങളുടെ വിക്ടറി പരേഡ് രാത്രി 7.45 ഓടെയാണ് ആരംഭിച്ചത്. നരിമാൻ പോയിന്റ് മുതൽ വാങ്കഡെ സ്റ്റേഡിയം വരെയാണ് വിജയയാത്ര നടന്നത്. ടീം സഞ്ചരിക്കുന്ന ബസിനു മുന്നിൽ പൊലീസുകാർ നിരന്ന് വാഹനത്തിനു കടന്നുപോകാനുള്ള വഴിയൊരുക്കി. ആരാധകർ ടീം ബസിനെ അനുഗമിച്ചു. റോഡ് ഷോ ആരംഭിച്ചതിനു പിന്നാലെ സീനിയർ താരം വിരാട് കോലി ട്വന്റി20 ലോകകപ്പ് ട്രോഫി ആരാധകരെ ഉയർത്തിക്കാണിച്ചു.

പിന്നീട് ക്യാപ്റ്റൻ രോഹിത് ശർമയും വിരാട് കോലിയും ചേർന്ന് വീണ്ടും ആരാധകരെ അഭിവാദ്യം ചെയ്തു. ബസിന്റെ ഒരു വശത്തുനിന്ന് സഞ്ജു സാംസൺ ആരാധകരെ കൈ ഉയർത്തിക്കാണിച്ചു. കോലി, കോലി എന്നു പല തവണ ആരാധകർ ആർത്തുവിളിച്ചതോടെ സൂപ്പർ താരം നന്ദി അറിയിച്ച് കൈ ചുണ്ടോടു ചേർത്ത് ചുംബനം നൽകി. വിജയ യാത്രയ്ക്കിടെ വാഹനത്തിന്റെ മുൻനിരയിലെത്തിയ പരിശീലകൻ രാഹുൽ ദ്രാവിഡ് തൊഴുതുകൊണ്ടാണ് ആരാധകർക്കുള്ള നന്ദി പ്രകടിപ്പിച്ചത്. 8.45 ഓടെ ഇന്ത്യൻ താരങ്ങളുമായി ബസ് വാങ്കഡെ സ്റ്റേഡിയത്തിലേക്കു കടന്നു. 125 കോടി രൂപയുടെ ചെക്ക് ബിസിസിഐ പ്രസിഡന്റ് റോജർ ബിന്നി ഇന്ത്യൻ ക്രിക്കറ്റ് താരങ്ങൾക്കു സമ്മാനിച്ചു. ട്വന്റി20 ലോകകപ്പ് ട്രോഫിയുമായി വാങ്കഡെ സ്റ്റേഡിയത്തിലെ ആരാധകരെ അഭിവാദ്യം ചെയ്ത ശേഷമാണ് താരങ്ങൾ ഡ്രസിങ് റൂമിലേക്കു മടങ്ങിയത്.




## പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യയിലേക്ക്, പുട്ടിനുമായി ചർച്ച നടത്തും



**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 8,9 തീയതികളിൽ റഷ്യ സന്ദർശിക്കുമെന്നു വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മൂന്നാംവട്ടം അധികാരത്തിലെത്തിയ ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ വിദേശയാത്രയാണിത്. ദ്വിദിന സന്ദർശനത്തിൽ റഷ്യൻ പ്രസിഡന്റ് വ്‌ലാഡിമിർ പുട്ടിനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. യുക്രെയ്ൻറഷ്യ യുദ്ധം തുടങ്ങിയതിനുശേഷം ആദ്യമായാണ് മോദി റഷ്യ സന്ദർശിക്കുന്നത്. 22ാമത് ഇന്ത്യറഷ്യ വാർഷിക ഉച്ചകോടിക്കായി പുട്ടിന്റെ ക്ഷണമനുസരിച്ചാണ് സന്ദർശനം.

ദ്വിദിന റഷ്യൻ പര്യടനത്തിനുശേഷം 9ന് പ്രധാനമന്ത്രി ഓസ്ട്രിയയിലേക്ക് പോകും. 41 വർഷത്തിനുശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കുന്നത്. ഓസ്ട്രിയൻ പ്രസിഡന്റ് അലക്സാണ്ടർ വാൻ ഡെർ ബെലെൻ, ചാൻസലർ കാൾ നെഹാമ്മെർ എന്നിവരുമായി പ്രധാനമന്ത്രി ചർച്ച നടത്തും. ഇന്ത്യയിൽനിന്നും ഓസ്ട്രിയയിൽനിന്നുമുള്ള വ്യവസായികളുടെ യോഗത്തെ പ്രധാനമന്ത്രിയും കാൾ നെഹാമ്മെറും അഭിസംബോധന ചെയ്യും. മോസ്കോയിലെയും വിയന്നയിലെയും ഇന്ത്യൻ സമൂഹത്തോട് പ്രധാനമന്ത്രി ആശയവിനിമയം നടത്തുമെന്നും  മന്ത്രാലയം വാർത്താക്കുറിപ്പിൽ അറിയിച്ചു.

# ബ്രിട്ടനിൽ ലേബർ പാർട്ടി അധികാരത്തിലേക്ക്



ലണ്ടൻ: വോട്ടെടുപ്പ് പൂർത്തിയായതോടെ ബ്രിട്ടനിൽ വോട്ടെണ്ണൽ തുടങ്ങി. ആദ്യഫല സൂചനകൾ പ്രകാരം ലേബർ പാർട്ടി വ്യക്തമായ മുന്നേറ്റം തുടരുകയാണ്. 650 സീറ്റുകളുള്ള പാർലമെൻറിൽ ലേബർ പാർട്ടി 410 സീറ്റുകൾ നേടുമെന്ന് എക്സിറ്റ്പോൾ പ്രവചനം.

അടുത്ത പ്രധാനമന്ത്രി കെയർ സ്റ്റാർമർ ആകുമെന്നും ഋഷി സുനകിൻറെ പാർട്ടി വൻ തോൽവി നേരിടുമെന്നും റിപ്പോർട്ടുകളുണ്ട്. ഈ തെരഞ്ഞെടുപ്പോടെ 14 വർഷത്തെ കൺസർവേറ്റിവ് പാർട്ടി ഭരണത്തിന് അന്ത്യം കുറിക്കുമെന്നാണ് അഭിപ്രായ വോട്ടെടുപ്പ് പ്രവചിക്കുന്നത്. ലേബ!ർ പാർട്ടി 484 സീറ്റ് നേടുമെന്ന് ചില ഏജൻസികൾ പ്രവചിച്ചിട്ടുണ്ട്. 1997 ൽ ടോണി ബ്ലയർ ബ്രിട്ടൻറെ ചരിത്രത്തിലെ ഏറ്റവും വലിയ വിജയം നേടിയിട്ടുള്ളത്. 418 സീറ്റാണ് അന്ന് ലേബർ പാർട്ടി സ്വന്തമാക്കിയത്. ഇതിലും വലിയ വിജയമാണ് സ്റ്റാമറിനെ കാത്തിരിക്കുന്നതെന്നാണ് അവസാന നിമിഷം പുറത്തുവരുന്ന റിപ്പോർട്ട്.

കൺസർവേറ്റീവ് പാർട്ടിയെ കാത്തിരിക്കുന്നത് 1834 ൽ പാർട്ടി നിലവിൽ വന്നതിന് ശേഷം നേരിടാൻ പോകുന്ന കനത്ത പരാജയമായിരിക്കുമെന്നാണ് വിലയിരുത്തൽ.

# വിഴിഞ്ഞം തുറമുഖം യാഥാർഥ്യത്തിലേക്ക്; ട്രയൽ റൺ12 ന്

**തിരുവനന്തപുരം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ ട്രയൽ റൺ ജൂലൈ 12 ന്. ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തുനിന്നുള്ള മദർഷിപ്പാവും ആദ്യം വിഴിഞ്ഞത്തെത്തുക.

കപ്പലിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകും. ഇതിന് മുന്നോടിയായി വെള്ളിയാഴ്ച വൈകുന്നേരം മൂന്നിന് സംഘാടകസമിതി യോഗം വിഴിഞ്ഞത്ത് ചേരും. എത്തിക്കുന്ന കണ്ടെയ്നറുകൾ ഇറക്കിയും കയറ്റിയുമാണ് ട്രയൽ റൺ നടത്തുന്നത്.

ട്രയൽ വിജയകരമായാൽ ഓണത്തിന് തുറമുഖം കമ്മീഷൻ ചെയ്യുന്നത് സർക്കാർ ആലോചിക്കും. മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് തുറമുഖ വകുപ്പ് ഇക്കാര്യത്തിൽ തീരുമാനമെടുക്കും.

ചടങ്ങിലേക്ക് പതിനായിരം പേർക്ക് ക്ഷണമുണ്ടാകും. എല്ലാ നൂതന സജീകരണങ്ങളോടെയാകും തുറമുഖം യാഥാർഥ്യമാകുന്നതെന്ന് എംഡി ദിവ്യ എസ് അയ്യർ പറഞ്ഞു.



# പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതിയുമായി ഇൻമെക്

**കൊച്ചി:** പ്രതിസന്ധി നേരിടുന്ന വ്യവസായ യൂണിറ്റുകളെ ഏറ്റെടുത്ത് പുനരുദ്ധരിക്കാനുള്ള പദ്ധതിയുമായി ഇൻഡോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്). പ്രവർത്തനം നിലച്ച യൂണിറ്റുകളുടെയും ഉൽപ്പന്നങ്ങളുടെയും വിപണി സാധ്യതയും പുനരുജ്ജീവന സാധ്യതകളും പഠിച്ചശേഷമാകും തുടർനടപടികൾ. ദി റൈസ് എന്ന പേരിലാണ് ഇൻമെക് പദ്ധതി നടപ്പാക്കുക.പുനരുജ്ജീവനം ആഗ്രഹിക്കുന്ന കേരളത്തിലെ പീഡിത വ്യവസായങ്ങളുടെ ഡാറ്റ തയാറാക്കിയ ശേഷം വിദഗ്ധ പഠനം നടത്തും. യൂണിറ്റ് എങ്ങനെ പ്രതിസന്ധിയിലായി, ബാധ്യത, പുനഃക്രമീകരണ സാധ്യത, ഭാവി വിപണി സാധ്യത തുടങ്ങിയവ വിശദമായി പഠിച്ച ശേഷമാകും ഡിപിആർ തയാറാക്കുക. വലിയ തുക മുടക്കി വ്യവസായ സംരംഭങ്ങൾ തുടങ്ങുകയും പലവിധ പ്രതിസന്ധികൾ മൂലം സംരംഭം സ്വന്തം നിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത യൂണിറ്റുകളാകും ഇൻമെക് ഏറ്റെടുക്കുക. ഇത്തരം യൂണിറ്റുകൾ പുനരുദ്ധരിക്കാനുള്ള വിദഗ്ദ്ധ ഡിപിആർ തയാറാക്കിയ ശേഷം ജിസിസി രാജ്യങ്ങളിലെ ചാപ്റ്ററുകൾ വഴി പ്രവാസി നിക്ഷേപകർ മുൻപാകെ അവതരിപ്പിക്കും. വ്യവസായം പുനരുദ്ധരിക്കാനുള്ള സഹായം പാർട്ണർഷിപ്പ് ഇകിറ്റി ആയിട്ടാകും നൽകുക.പ്രൊഫഷണൽ പങ്കാളിത്തത്തോടെ സംരംഭങ്ങൾ പുനരുദ്ധരിച്ച് മുന്നോട്ട് കൊണ്ടുപോകാമെന്ന് ആത്മവിശ്വാസമുള്ള പീഡിത വ്യവസായങ്ങൾ ഇൻമെകിൽ രജിസ്റ്റർ ചെയ്യണമെന്ന് ചെയർമാൻ ഡോ.എൻ.എം ഷറഫുദ്ധീൻ, സെക്രട്ടറി ജനറൽ ഡോ. സുരേഷ്കുമാർ മധുസൂദനൻ, കേരള ചാപ്റ്റർ പ്രസിഡണ്ട് അഡ്വ. സി ഉണ്ണികൃഷ്ണൻ എന്നിവർ അറിയിച്ചു.

# മഴ പന്തുകളി മൽസരത്തിന് നാളെ തുടക്കം

**കൊച്ചി:** മഴക്കാല ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി ടൂറിസം പ്രൊഫണൽസ് ക്ലബ് കഴിഞ്ഞ 20 വർഷമായി നടത്തി വരുന്ന സെവൻസ് ഫുട്ബോൾ ടൂർണമെന്റായ ഷൂട്ട് ദി റെയിൻ മഴ പന്ത് കളി ജൂലൈ 6,7 തീയ്യിതികളിൽ കളമശ്ശേരി സെന്റ് ജോസഫസ് സ്പോർടസ് ഡോമിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.
സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന മൽസരം നാളെ രാവിലെ 6.45 ന് ആരംഭിക്കും. വാർഡ്മെമ്പർ ഹാജിറ ഉസ്മാൻ ഉദ്ഘാടനം ചെയ്യും.22 ഹോട്ടലുകളുടെയും നാല് ടൂർ ഓപ്പറേറ്റർ മാരുടെയും അടക്കം 26 ടീമുകളാണ് മൽസരത്തിൽ പങ്കെടുക്കുന്നത്. ഓരോ മൽസരവും 30 മിനിറ്റ് ദൈർഘ്യത്തിലാണ് നടത്തുന്നത്.

ചാംപ്യന്മാരാകുന്ന ടീമിന് എവറോളിംഗ് ട്രോഫിയും 50,000 രൂപ ക്യാഷ് പ്രൈസും രണ്ടാം സമ്മാനക്കാർക്ക് എവറോളിംഗ് ട്രോഫിയും 30,000 രൂപ ക്യാഷ് പ്രൈസും മൂന്നാം സ്ഥാനക്കാർക്ക് 20,000 രൂപ ക്യാഷ് പ്രൈസുമാണ് നൽകുന്നത്.

ടൂറിസം പ്രൊഫഷണസ് ക്ലബ് പ്രസിഡന്റ് വിനീഷ് വിദ്യ, സെക്രട്ടറി രമ്യ ശ്രീജിത്ത്, ജനറൽ കൺവീനർ ഷെയ്ഖ് ഇസ്മെയിൽ എന്നിവർ നേതൃത്വത്തിൽ മൽസരത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരികയാണെന്ന് സംഘാടകർ അറിയിച്ചു

# ചോക്ലേറ്റ് സ്റ്റോറുമായി ആമസോൺ

**കൊച്ചി:** ആമസോണിൽ ചോക്ലേറ്റ് സ്റ്റോർ ആരംഭിച്ചു. ലോക ചോക്ലേറ്റ് ദിനം ആഘോഷമാക്കുന്നതിന്റെ ഭാഗമായി വൈവിധ്യമാർന്ന ചോക്ലേറ്റുകളും പ്രീമിയം ഗിഫ്റ്റ് സെറ്റുകളും ചോക്ലേറ്റ് സ്റ്റോറിൽ ലഭ്യമാണ്. ചോക്ലേറ്റ് ബാറുകൾ, ചോക്ലേറ്റ് നഗറ്റുകൾ മുതൽ പ്രാലൈൻസ്, ടഫിൾസ് പോലുള്ള സ്വാദിഷ്ട ട്രീറ്റുകൾ വരെയുള്ള ക്ലാസ്സിക് ഫേവറിറ്റുകളിൽ നിന്ന് പ്രീമിയം ചോക്ലേറ്റുകളുടെ വിപുലമായ സെലക്ഷൻ ആമസോണിൽ 60% വരെ ഇളവോടെ ലഭ്യമാണ്.

ഷുഗർഫ്രീ ഓപ്ഷൻ, വേഗൻ, വ്യത്യസ്ത ഫ്ളേവറുകൾ എന്നിവയുമുണ്ട്. മാർസ്, കാഡ്ബെറി, ഫെറേറോ, ഹർഷേയ്സ്, ലിൻഡ്ട്, ഫാബെല്ലെ തുടങ്ങിയ മുൻനിര ബ്രാൻഡുകളിൽ നിന്നുള്ളവയെല്ലാം ലഭ്യമാണ്. ജൂലൈ 7നാണ് ലോക ചോക്ലേറ്റ് ദിനം ആഘോഷിക്കുന്നത്.




# ഫോറം മാളിൽ ഫ്ളാഷ് സെയിൽ നാളെ മുതൽ; ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** കൊച്ചി ഫോറം മാളിൽ നാളെ മുതൽ ജൂലൈ 7 വരെ നടക്കുന്ന വിപുലമായ ഫ് ളാഷ് സെയിലിന്റെ പ്രഖ്യാപനവും ലോഗോ പ്രകാശനവും നടന്നു. ചലച്ചിത്ര താരങ്ങളായ രഞ്ജിത് സജീവ്, ചിന്നു ചാന്ദ്നി, ഫോറം കൊച്ചി ഹെഡ് സജീഷ് ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.നൂറിലധികം പ്രശസ്ത ബ്രാൻഡുകളുടെ ഉൽപങ്ങൾ വിവിധ വിഭാഗങ്ങളിലായി 50 ശതമാനം വിലക്കിഴിവിൽ വിൽപന മേളയിൽ ലഭ്യമാകും. നൂതന ഫാഷൻ വസ്ത്രങ്ങൾ, ആക്സസറികൾ, പാദരക്ഷകൾ, സ്പോർട്സ് വെയർ, ഗൃഹാലങ്കാര വസ്തുക്കൾ, ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ, ആഭരണങ്ങൾ തുടങ്ങി, രുചിവൈവിധ്യമൊരുക്കുന്ന ഡൈനിംഗ് അനുഭവങ്ങൾ വരെ മേളയിൽ ഒരുങ്ങും. എച്ച് ആന്റ് എം, മാർക്സ് ആന്റ് സ്പെൻസർ, ലൈഫ്സ്റ്റൈൽ, ഷോപ്പർ സ്റ്റോപ്, ബോഡി വർക്സ്, എച്ച് പി കമ്പ്യൂട്ടർ തുടങ്ങിയ അനേകം പ്രീമിയം ബ്രാൻഡുകളുടെ നിരയായിരിക്കും മേളയുടെ ആകർഷണം. പിവിആർ ഐനോക്സിൽ 99 രൂപയ്ക്കും 101 രൂപയ്ക്കും തിരഞ്ഞെടുത്ത സിനിമകളുടെ പ്രദർശനങ്ങളുണ്ടാകും. യൂമി, ദി ആർടിസ്റ്റ് ബൈ മാരിയറ്റ്, പഞ്ചാബ് ഗ്രിൽ, സ്റ്റാർബക്സ്, കെ എഫ് സി, ബാസ്കിൻ റോബിൻസ് എന്നിവയുൾപ്പെടെയുള്ള ജനപ്രിയ ഭക്ഷണശാലകളിൽ ഡിസ്കൗണ്ട് വിലയിൽ ട്രീറ്റുകൾ ഒരുക്കും.
ഷോപ്പിംഗ് മേളയുടെ ഭാഗമായി ജൂലൈ 6ന് നടക്കുന്ന താരസമ്പന്നമായ മ്യൂസിക് ഫെസ്റ്റിവലിൽ റാപ്പർ വേടൻ, മാംഗോസ്റ്റിൻ ബാൻഡ്, സ്മോക്കി ഡിജെ തുടങ്ങി പ്രശസ്തർ അണിനിരക്കും.

# റോജ ജോയിക്ക് ഗ്ലോബൽ സിറ്റിസൺ സ്കോളർഷിപ്പ്

**കൊച്ചി:** ഗ്ലോബൽ ഇന്ത്യൻ ഇന്റർനാഷണൽ സ്കൂളിന്റെ (ജിഐഐഎസ്) സംരംഭമായ ഗ്ലോബൽ സിറ്റിസൺ സ്കോളർഷിപ്പിന്റെ (ജിസിഎസ്) 17ാമത് എഡിഷനിലേക്ക് ഇന്ത്യയിൽ നിന്ന് എട്ട് വിദ്യാർത്ഥികളെയും മറ്റ് ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നിന്ന് അഞ്ച് പേരെയും തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത എട്ടു വിദ്യാർത്ഥികളിൽ തിരുവന്തപുരം നവജീവൻ ബഥനി വിദ്യാലയയിലെ പതിനൊന്നാം ക്ലാസ് വിദ്യാർത്ഥി റോജ റോയിയും ഉൾപ്പെടുന്നു. ജേതാക്കൾക്ക് സിംഗപ്പൂരിൽ രണ്ട് വർഷത്തെ വിദ്യാഭ്യാസത്തിന് ധനസഹായം ലഭിക്കും. കർശനമായ പ്രവേശന പരീക്ഷയ്ക്കും വ്യക്തിഗത അഭിമുഖങ്ങൾക്കും ശേഷമാണ് മിടുക്കരായ വിദ്യാർത്ഥികളെ തിരഞ്ഞെടുത്തത്.



തിരഞ്ഞെടുക്കപ്പെട്ട ഈ വിദ്യാർത്ഥികൾ സിംഗപ്പൂരിലെ ജിഐഐഎസ് സ്മാർട്ട് ക്യാമ്പസിൽ രണ്ടു വർഷം ചിലവഴിക്കും. ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, ഉയർന്ന തലത്തിലുള്ള സൗകര്യങ്ങൾ, ഉയർന്ന വൈദഗ്ധ്യമുള്ള ടീച്ചിംഗ് സ്റ്റാഫ് എന്നതിന് പേര് കേട്ട ക്യാംപസിൽ സിബിഎസ്ഇ അല്ലെങ്കിൽ ഐബിഡിപി പാഠ്യപദ്ധതികൾക്കിടയിൽ തിരഞ്ഞെടുക്കാൻ പ്രോഗ്രാം വിദ്യാർത്ഥികളെ അനുവദിക്കുന്നു. മുൻനിര പ്രോഗ്രാമിന് കീഴിൽ വിദ്യാർത്ഥികൾക്ക് താമസവും ഭക്ഷണവും ഉദാരമായ സ്റ്റൈപ്പന്റിനൊപ്പം നൽകും. ഈ കാലയളവിൽ, വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. ഒരു വിദ്യാർത്ഥിക്ക് 2 വർഷത്തേക്ക് മൊത്തം ചെലവ് ഒരു കോടി രൂപ ആയിരിക്കും. ഇത് പൂർണ്ണമായും ജിസിഎസ് പ്രോഗ്രാം മുഖേന ധനസഹായമായി ലഭ്യമാക്കുമെന്ന് ഗ്ലോബൽ ഇന്ത്യൻ ഇന്റർനാഷണൽ സ്കൂൾ ഡയറക്ടർഅക്കാദമിക്സ് പ്രമോദ് ത്രിപാഠി അഭിപ്രായപ്പെട്ടു.പ്രൊഫഷണൽ, വ്യക്തിഗത വളർച്ചയുടെ നിരവധി പുതിയ അവസരങ്ങൾ തുറക്കാൻ ഇത് സഹായിക്കുമെന്നും പ്രമോദ് ത്രിപാഠി അഭിപ്രായപ്പെട്ടു.

മുൻകാലങ്ങളിൽ, ഗ്ലോബൽ സിറ്റിസൺ സ്കോളർഷിപ്പ് പൂർവ്വ വിദ്യാർത്ഥികൾ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂർ, ഇംപീരിയൽ കോളേജ് ലണ്ടൻ, യൂണിവേഴ്സിറ്റി കോളേജ് ലണ്ടൻ, യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, ലോസ് ഏഞ്ചൽസ്, ജോൺസ് ഹോപ്കിൻസ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവാനിയ, യൂണിവേഴ്സിറ്റി ഓഫ് ബ്രിട്ടീഷ് കൊളംബിയ, സിംഗപ്പൂർ മാനേജ്മെന്റ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി ഓഫ് മെൽബൺ, ഹോങ്കോംഗ് യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുൾപ്പെടെ പ്രശസ്തമായ ആഗോള സർവ്വകലാശാലകളിൽ ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുണ്ട്.




# നിറ്റ ജലാറ്റിന് പുരസ്കാരം

**കൊച്ചി:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേർസണൽ മാനേജ്മെന്റ് കേരള ചാപ്റ്ററിന്റെ ബെസ്റ്റ് സിഎസ്ആർ അവാർഡ് നിറ്റാ ജലാറ്റിൻ കരസ്ഥമാക്കി. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി നിറ്റ ജലാറ്റിൻ നടത്തിയ മെൻസ്ട്രുവൽ കപ്പ് വിതരണം ,കോഴികുഞ്ഞുങ്ങളുടെ വിതരണം, കുടുംബശ്രീ അംഗങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ, മറ്റു വികസന പ്രവർത്തനങ്ങളായ അംഗൻവാടി നിർമ്മാണം, ലൈബ്രറി നിർമാണം, ക്ഷീര കർഷകർക്കായുള്ള കറവ പശുക്കളുടെ വിതരണം, ഗ്രോബാഗുകളുടെ വിതരണം, വിവിധ കുടിവെള്ള പദ്ധതികൾ, തുണി സഞ്ചികളുടെ വിതരണം,പഠനോപകരണ വിതരണം, ഓപ്പൺ ജിം നിർമ്മാണം, നിറ്റാ കാർഷിക വികസന പദ്ധതികൾ തുടങ്ങിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് നിറ്റയ്ക്ക് പുരസ്കാരം ലഭിച്ചത്.എറണാകുളം ഗോകുലം പാർക്കിൽ നടന്ന ചടങ്ങിൽ സിയാൽ മാനേജിങ് ഡയറക്ടർ സുഹാസിൽ നിന്ന് നിറ്റാ ജലാറ്റിൻ ജനറൽ മാനേജർ പോളി സെബാസ്റ്റ്യൻ, എച്ച്.ആർ ഹെഡ് സൂരജ് എസ് എസ്, സിഎസ്ആർ മാനേജർ എബി നെൽസൺ എന്നിവർ ചേർന്ന് പുരസ്കാരം സ്വീകരിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേർസണൽ മാനേജ്മെന്റ് ചെയർമാൻ ജോൺസൻ മാത്യു, സെക്രട്ടറി ഷേമ സന്ദീപ് എന്നിവർ പങ്കെടുത്തു.

# രാജേഷ് ടൊയോട്ടയുടെ നേട്ടം ആഘോഷമാക്കി ടൊയോട്ട കിർലോസ്കർ




**കൊച്ചി:** കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ ഗ്രീൻ ബിസിനസ് സെന്റർ നൽകുന്ന ഗ്രീൻകോ ഗോൾഡ് റേറ്റിംഗ് അവാർഡ് കരസ്ഥമാക്കിയ രാജേഷ് ടൊയോട്ടയുടെ (ജയ്പൂർ, രാജസ്ഥാൻ) സുവർണനേട്ടം ആഘോഷിച്ച് കിർലോസ്കർ മോട്ടോർ. ഡീലറുടെ പരിസ്ഥിതി സൗഹാർദ്ദ പരിശ്രമങ്ങളെ സമഗ്രമായി വിലയിരുത്തിയ ശേഷമാണ് രാജേഷ് ടൊയോട്ടയ്ക്ക് സിഐഐ സ്വർണ റേറ്റിംഗ് പദവി നൽകിയത്.

സിഐഐ ഗ്രീൻകോ എന്നത് ലോകവ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു ചട്ടക്കൂടാണ്. അത് കമ്പനിയുടെ പാരിസ്ഥിതിക ഇടപെടലുകളെ ജീവിതചക്രവുമായി ബന്ധപ്പെടുത്തി സമഗ്രമായി വിലയിരുത്തുന്നു. ഈ ബഹുമതി ലഭിക്കുന്ന രാജ്യത്തെ ആദ്യ ഓട്ടോമോട്ടീവ് ഡീലറായ രാജേഷ് ടൊയോട്ട മാലിന്യ സംസ്കരണം, ഊർജ്ജ കാര്യക്ഷമത, ജല സംരക്ഷണം തുടങ്ങിയവയിൽ സുസ്ഥിരതയാർന്ന രീതികൾ നടപ്പാക്കുന്നതിൽ വൻ മുന്നേറ്റമാണ് നടപ്പാക്കിയത്. 'ലോകത്തിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതിന് വിവേകപൂർവ്വമായി വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ അണിനിരക്കുക' എന്ന ആശയത്തിൽ ഠഗങ ന്റെ പരിസ്ഥിതി മാസാചരണ (ജൂൺ 2024) പ്രവർത്തനങ്ങൾ നടന്നുവരുന്ന കാലത്താണ് ഈ സുപ്രധാന നേട്ടമെന്നതും ശ്രദ്ധേയമാണ്. ജല പരിപാലനം, വനവത്കരണം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി പ്രകൃതിദത്ത ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനുള്ള അവബോധവും പ്രവർത്തനവും ശക്തിപ്പെടുത്തുക എന്നതാണ് കമ്പനിയുടെ ലക്ഷ്യമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

സുസ്ഥിരതയാർന്ന മികച്ച പരിസ്ഥിതി സൗഹൃദ പ്രവർത്തികൾ നടപ്പാക്കുന്നതിനായി ഡീലർമാർ, വിതരണക്കാർ, ലോജിസ്റ്റിക് പങ്കാളികൾ, തുടങ്ങി മുഴുവൻ ശൃംഖലയ്ക്കും വേണ്ട വ്യക്തമായ മാർഗനിർദേശം നൽകുന്നതിനും എൻവയോൺമെന്റ് മാനേജ്മെന്റ് സിസ്റ്റം ശക്തിപ്പെടുത്തുന്നതിനുമായി പരിസ്ഥിതി വിലയിരുത്തൽ സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. ഠഗങ ന്റെ എൻവയോൺമെന്റ് മാനേജ്മെന്റ് സംവിധാനത്തിന്റെ നിയന്ത്രണത്തിലുള്ള രാജേഷ് മോട്ടോഴ്സ്, ഡീലർഷിപ്പിൽ കരുത്താർന്ന പരിസ്ഥിതി മാനേജ്മെന്റ് സംവിധാനം നടപ്പാക്കി മികവ് തെളിയിച്ചു.

## ക്യൂബയുമായി ആരോഗ്യ മേഖലയിലെ തുടങ്ങി വച്ച സഹകരണം ശക്തിപ്പെടുത്തും

**തിരുവനന്തപുരം:** മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആരോഗ്യ മന്ത്രി ഉൾപ്പെട്ട സംഘം കഴിഞ്ഞ വർഷം നടത്തിയ ക്യൂബ സന്ദർശന വേളയിൽ ആരോഗ്യ മേഖലയിലും ആയുർവേദ രംഗത്തും തുടങ്ങി വച്ച സഹകരണം ശക്തിപ്പെടുത്തും. റിപ്പബ്ലിക് ഓഫ് ക്യൂബയുടെ അംബാസഡർ ഇൻ ചാർജ് അബെൽ അബെല്ല ഡെസ്പെയിൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിനെ നിയമസഭാ ഓഫീസിൽ സന്ദർശിച്ച് ചർച്ച നടത്തി. വിവിധ സബ് ഗ്രൂപ്പുകളായി ക്യൂബയിലും കേരളത്തിലുമായി ചർച്ചകൾ മുന്നോട്ട് കൊണ്ട് പോകും. ഇതിനായി ക്യൂബൻ എംബസിയുടെ പൂർണ പിന്തുണ ഉറപ്പ് നൽകി. കേരളം ആരോഗ്യ രംഗത്ത് നടത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെ അംബാസഡർ ഇൻ ചാർജ് അഭിനന്ദിച്ചു.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ ക്യൂബൻ സന്ദർശനത്തിന് പിന്നാലെ മന്ത്രി വീണാ ജോർജുമായി ക്യൂബൻ അംബാസഡർ ചർച്ച നടത്തിയിരുന്നു. കുടുംബ ഡോക്ടർ പദ്ധതി, റഫറൽ സംവിധാനങ്ങൾ, വാക്സിൻ, മരുന്ന് ഉദ്പാദനം, ജീവിതശൈലീ രോഗ നിയന്ത്രണം, കാൻസർ, ഡയബറ്റിക് ഫൂട്ട്, മെഡിക്കൽ വിദ്യാഭ്യാസം, ആയുർവേദം എന്നീ മേഖലകളിൽ സഹകരിക്കാൻ തീരുമാനിച്ചിരുന്നു.

കേരളം ആരോഗ്യ രംഗത്ത് നവീന പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്. കോവിഡ്, നിപ, മങ്കിപോക്സ് തുടങ്ങിയ പകർച്ചവ്യാധികളെ ഫലപ്രദമായി പ്രതിരോധിച്ചു. ആരോഗ്യ രംഗത്ത് നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കി വരുന്നു.




# ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ്: രണ്ടാം റൗണ്ടിന് സജ്ജരായി ഹോണ്ട റേസിംഗ് ഇന്ത്യ ടീം

**കൊച്ചി:** ചെന്നൈയിലെ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടക്കുന്ന 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിന്റെ രണ്ടാം റൗണ്ടിന് സജ്ജരായി ഹോണ്ട റേസിംഗ് ഇന്ത്യ ടീം. എൻഎസ്എഫ് 250ആർ ഓപ്പൺ ക്ലാസ് വിഭാഗത്തിൽ ഉദ്ഘാടന റൗണ്ടിൽ മികച്ച പ്രകടനം നടത്തിയ ഹോണ്ടയുടെ യുവ റൈഡർമാർ രണ്ടാം റൗണ്ടിലും മികവ് ആവർത്തിക്കാനുള്ള ഒരുക്കങ്ങളിലാണ്.ട്രാക്കിലുടനീളം ആധിപത്യം പുലർത്തിയ ചെന്നൈയുടെ 20കാരനായ ശ്യാം ശുന്ദറാണ് ആദ്യറൗണ്ടിൽ ഒന്നാമനായത്. വെല്ലുവിളി നിറഞ്ഞ പൊസിഷനിൽ നിന്ന് റേസ് തുടങ്ങിയിട്ടും, ലീഡ് നിലനിർത്താനും ഒന്നാം സ്ഥാനം ഉറപ്പിക്കാനും താരത്തിന് കഴിഞ്ഞിരുന്നു. മലപ്പുറം സ്വദേശിയായ 22കാരൻ മൊഹ്സിൻ പി, ചെന്നൈയിൽ നിന്നുള്ള 16കാരൻ രക്ഷിത് എസ് ദവെ എന്നിവരും ആദ്യ റൗണ്ടിൽ തകർപ്പൻ പ്രകടനം നടത്തി.

ബംഗളൂരുവിൽ നിന്നുള്ള എ.എസ് ജെയിംസ് (22 വയസ്), പ്രകാശ് കാമത്ത് (20), ഹൈദരാബാദിൽ നിന്നുള്ള ബീദാനി രാജേന്ദർ (19) എന്നിവരും രണ്ടാം റൗണ്ടിൽ എതിരാളികൾക്ക് മികച്ച വെല്ലുവിളി ഉയർത്തും. പുതുമുഖങ്ങളായ ബെംഗളൂരിൽ നിന്നുള്ള സാവിയോൻ സാബു (16), ചെന്നൈയിൽ നിന്നുള്ള രക്ഷിത എസ് ദവെ (15), ജഗതിശ്രീ കുമരേശൻ (19), തിരുവനന്തപുരത്ത് നിന്നുള്ള ആരോൺ സോണി ഫെർണാണ്ടസ് (15), ട്രിച്ചി സ്വദേശി സ്റ്റീവ് വോ സുഗി (19), ഹൈദരാബാദിൽ നിന്നുള്ള വിഘ്നേഷ് പോതു (17) എന്നീ പുതുമുഖങ്ങളും ഹോണ്ട റേസിങ് ഇന്ത്യക്കായി രണ്ടാം റൗണ്ടിൽ മത്സരിക്കും. 2024 ജൂലൈ 6,7 തീയതികളിലായാണ് രണ്ടാം റൗണ്ട് മത്സരങ്ങൾ.



# ഐപ്രൊട്ടക്ട് സ്മാർട്ടിൽ വനിതകൾക്ക് 15 ശതമാനം ഇളവ്

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫിന്റെ ടേം ഇൻഷുറൻസ് പദ്ധതിയായ ഐപ്രൊട്ടക്ട് സ്മാർട്ടിൽ അടക്കേണ്ട എല്ലാ പ്രീമിയങ്ങൾക്കും വനിതകൾക്ക് 15 ശതമാനം ജീവിതകാല ഇളവ് പ്രഖ്യാപിച്ചു. ഇതിനു പുറമേ ശമ്പളക്കാരായ വനിതകൾക്ക് ആദ്യ വർഷ പ്രീമിയത്തിൽ 15 ശതമാനം അധിക ഇളവും നൽകുമെന്ന് ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത്ത് പാൽട്ട പറഞ്ഞു.

സ്തനാർബുദം ഉൾപ്പെടെയുള്ള 34 വിവിധ മാരക രോഗങ്ങൾക്കെതിരെയുള്ള ക്രിട്ടിക്കൽ ഇൽനെസ് പരിരക്ഷ അടക്കം ഐപ്രൊട്ടക്ട് സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ആരോഗ്യ, ലൈഫ് ഇൻഷുറൻസുകളുടെ നേട്ടങ്ങൾ ഒരുമിച്ചു പ്രദാനം ചെയ്യും. വനിതകൾ വിവിധ തലങ്ങളിലായി വഹിക്കുന്ന പങ്കിനെ അംഗീകരിക്കാനും ആഘോഷിക്കാനുമായാണു തങ്ങൾ 15 ശതമാനം ഇളവു നൽകുന്നതെന്നും അമിത്ത് പാൽട്ട പറഞ്ഞു. മരണം, മാരകമായ അസുഖം, വൈകല്യം എന്നിവ ഉൾപ്പെടെയുള്ള ജീവിതത്തിലെ അനിശ്ചിതത്വങ്ങളിൽ താങ്ങാനാവുന്ന പ്രീമിയത്തിൽ ഐ പ്രൊട്ടക്ട് സ്മാർട്ട് സാമ്പത്തിക പരിരക്ഷ നൽകുന്നു. കൂടാതെ ഈ പോളിസി 99 വയസ് വരെ ലൈഫ് കവറും ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു

# അമൃത ആശുപത്രിയിൽ കാർടി സെൽ തെറാപ്പി സെന്റർ ഉദ്ഘാടനം 6ന്

**കൊച്ചി:** ക്യാൻസർ ചികിത്സാ രംഗത്തെ വിപ്ലവകരമായ നേട്ടമായ കാർ ടി സെൽ തെറാപ്പിയ്ക്കായി കൊച്ചി അമൃത ആശുപത്രി പ്രത്യേക സെന്റർ ഓഫ് എക്സലൻസ് തുടങ്ങുന്നു.സെന്ററിന്റെ ഉദ്ഘാടനം നാളെ രാവിലെ 10 ന്ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കും. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ അധ്യക്ഷത വഹിക്കും. സെന്ററിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് കാർ ടി സെൽ തെറാപ്പിയെപ്പറ്റിയുള്ള സിംപോസിയവും സംഘടിപ്പിച്ചിട്ടുണ്ട്. 6ന് വൈകുന്നേരം നാലിന് ലെ മെറീഡിയനിൽ നടക്കുന്ന സിംപോസിയത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാർ ചർച്ചകൾക്ക് നേതൃത്വം നൽകും.

ശരീരത്തിലെ പ്രതിരോധ കോശങ്ങളായ ടി സെല്ലുകളിൽ ജനിതക മാറ്റങ്ങൾ വരുത്തി അർബുദത്തിനെതിരെ പൊരുതാൻ പ്രാപ്തമാക്കുന്ന നൂതന ചികിത്സാ രീതിയാണ് കാർടി സെൽ തെറാപ്പി. രക്തത്തിൽ കാണുന്ന ലിംഫോസൈറ്റാണ് കാൻസറിനെ ഇല്ലാതാക്കാനായി ഉപയോഗിക്കുന്നത്.രക്താർബുദം വീണ്ടും വന്ന രോഗികൾക്കാണ് കാർടി സെൽ ചികിത്സ കൂടുതൽ പ്രയോജനപ്പെടുക. ഭാവിയിൽ മറ്റു ക്യാൻസറുകൾക്കും ക്യാൻസർ ഇതര രോഗങ്ങൾക്കും കാർടി സെൽ തെറാപ്പി പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അമൃത ആശുപത്രിയിലെ ക്ലിനിക്കൽ ഹെമറ്റോളജി വിഭാഗം മേധാവി ഡോ.നീരജ് സിദ്ധാർത്ഥൻ പറഞ്ഞു.



# എറണാകുളം പബ്ലിക് ലൈബ്രറി സന്ദർശിച്ച് കുട്ടികൾ

**കൊച്ചി:** വായനാദിന മാസാചരണത്തിന്റെ ഭാഗമായി എറണാകുളം ഗവ ഗേൾസ് എൽ പി സ്കൂളിലെ കുട്ടികൾ പബ്ലിക് ലൈബ്രറി സന്ദർശിച്ചു . വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും അടക്കം അൻപതോളം പേർ രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് 12.30 വരെ പബ്ലിക് ലൈബ്രറിയിൽ ചെലവഴിച്ചു .

പബ്ലിക് ലൈബ്രറി സെക്രട്ടറി കെ പി അജിത്ത് കുമാർ , ലൈബ്രറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു .

ഭരണസമിതി അംഗങ്ങളായ ഡോ എൻ അജിത്ത് കുമാർ , ഇ കെ ഗോകുലൻ , ഇ അബ്ദുൾ കലാം തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# മാംഗോസ്റ്റിൻ പഴവും വിഷമില്ലാത്ത പച്ചക്കറികളും വാങ്ങാം; ഞാറ്റുവേല ചന്തയിൽ തിരക്കേറുന്നു

**കൊച്ചി:** കാക്കനാട് സിവിൽ സ്റ്റേഷനിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഞാറ്റുവേല ചന്തയിൽ ജനത്തിരക്ക്. കൃഷി വകുപ്പിന്റെ കീഴിലുള്ള നാല് ഫാമുകളിൽ നിന്നും കർഷക കൂട്ടായ്മകളിൽ നിന്നുമുള്ള ഗുണമേന്മയുള്ള നടീൽ വസ്തുക്കളും കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങളുമടക്കം കാർഷികോത്പന്നങ്ങളുടെ വലിയ നിരയാണ് ചന്തയിൽ അവതരിപ്പിച്ചിരിക്കുന്നത്. നേര്യമംഗലം, ഒക്കൽ, ആലുവ, വൈറ്റില എന്നീ ഫാമുകളിൽ നിന്നുമുള്ള ഉൽപ്പന്നങ്ങളാണ് ചന്തയിലുള്ളത്. ആലുവ ഫാമിൽ നിന്ന് രക്തശാലി അരി, പൊക്കാളി അരി, പൊക്കാളി അരിയുടെ പൊടി തുടങ്ങിയ ഉൽപ്പന്നങ്ങളും മുളക്, വഴുതന, തക്കാളി, പടവലം തുടങ്ങിയ വിവിധയിനം തൈകളും ചന്തയിലുണ്ട്. കൂടാതെ ഓണത്തിന് മുന്നോടിയായി ജമന്തി, ചെണ്ടുമല്ലി തൈകളും ആലുവ ഫാമിൽ നിന്ന് വിൽപ്പനയ്ക്കായി എത്തിച്ചിട്ടുണ്ട്.

മുവാറ്റുപുഴ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനിൽ നിന്നും എത്തിച്ചിട്ടുള്ള ഇനമാണ് ആകാശവെള്ളരി. പൊട്ടുവെള്ളരിയുടെ മറ്റൊരു വിഭാഗം. ജ്യൂസ് ആക്കുന്നതിനും കറിവെക്കാനും ഉപയോഗിക്കാം. കിലോയ്ക്ക് നാൽപ്പത് രൂപയ്ക്ക് ചന്തയിൽ ആകാശവെള്ളരി ലഭിക്കും. വാഴക്കുടപ്പന് കിലോയ്ക്ക് 12 രൂപയാണ് വില. കടച്ചക്ക ഒരെണ്ണം ഇരുപത് രൂപയ്ക്ക് ലഭിക്കും.

കൂടാതെ നാടൻ ഏത്തക്കായ, കപ്പ, വാളൻപുളി, കുടംപുളി, തേങ്ങ, നാടൻ ഞാലിപ്പൂവൻ പഴം എന്നിവയും വാങ്ങാൻ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഇടവേള സമയത്ത് സിവിൽ സ്റ്റേഷൻ ജീവനക്കാരുടെ തിരക്കായിരുന്നു. സിവിൽ സ്റ്റേഷനിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവരും കൃഷി വകുപ്പിന്റെ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ വാങ്ങാൻ എത്തുന്നു. റമ്പുട്ടാൻ, മാംഗൊസ്റ്റീൻ, അവക്കാഡോ പഴങ്ങളും മുവാറ്റുപുഴയിൽ നിന്ന് എത്തിച്ചിരിക്കുന്നു. ചെറുധാന്യങ്ങളുടെ വിപുലമായ ശ്രേണിയുമായാണ് പറവൂരിൽ നിന്നുള്ള കർഷക കൂട്ടായ്മ എത്തിയിരിക്കുന്നത്. മണിച്ചോളം, തിന, പനിവരക് തുടങ്ങിയ ചെറുധാന്യങ്ങളും ചെറുധാന്യപ്പൊടികളും വാങ്ങാം.

ആലുവ ഫാമിൽ നന്നുള്ള രക്തശാലി അരിക്ക് പുറമേ തിരുമാറാടി കർഷക കൂട്ടായ്മയിൽ നിന്നുമുള്ള വിവിധയിനം അരികളും ചന്തയിൽ ലഭ്യമാണ്. തവിട് കളയാത്ത അരി, ഉണക്കലരി, നാടൻ കുത്തരി എന്നിവയുണ്ട്.

ഏറെ പോഷക ഗുണമുള്ള രക്തശാലി അരിക്ക് കിലോ 168 രൂപയാണ് വില. ചോറ്റാനിക്കര കർഷക കൂട്ടായ്മയിൽ നിന്നുള്ള വിവിധയിനം തൈകളും കൂൺ കർഷകരുടെ ഉത്പന്നങ്ങളും ചന്തയിലുണ്ട്. ഉണക്കപ്പ, നാടൻ തേൻ, കാന്താരി മുളകിൻ തൈകൾ, പ്ലാവ്, മാവ് തൈകൾ എന്നിവയും ചന്തയിലുണ്ട്. തിരുവാതിര ഞാറ്റുവേലയോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്ന ഞാറ്റുവേല ചന്തകളുടെ ഭാഗമായാണ് ജില്ലയിലും ചന്ത സംഘടിപ്പിച്ചിരിക്കുന്നത്. ചന്ത ഇന്ന് സമാപിക്കും.

# പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾക്ക് നേരിട്ട് പ്രവേശനം; ഇപ്പോൾ അപേക്ഷിക്കാം

**തിരുവനന്തപുരം:** ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സി.സി.ഇ.കെ ഒരുക്കുന്ന തുടർവിദ്യാഭ്യാസ പദ്ധതിയിൽ എറണാകുളം ഗവ. വിമൺസ് പോളിടെക്നിക് കോളേജിൽ കുറഞ്ഞ ചെലവിൽ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾ പഠിക്കാൻ അവസരമൊരുക്കിയിട്ടുണ്ടെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. ആറുമാസ/ഒരു വർഷ കാലാവധിയുള്ള കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാമെന്നും മന്ത്രി ബിന്ദു പറഞ്ഞു. എസ്എസ്എൽസിയോ പ്ലസ് ടുവോ ബിരുദമോ അടിസ്ഥാനയോഗ്യതയുള്ള ആർക്കും മാർക്കോ പ്രായപരിധിയോ നോക്കാതെ കോഴ്സിന് നേരിട്ട് അപേക്ഷിക്കാം. ശനി/ഞായർ ബാച്ചുകളും മോണിംഗ്/ഈവെനിംഗ് ബാച്ചുകളും പാർട്ടൈം/റെഗുലർ ബാച്ചുകളും ഓൺലൈനും ഓഫ്ലൈനും ചേർത്തുള്ള ഹൈബ്രിഡ് ബാച്ചുകളും വിദ്യാർത്ഥികൾക്കായി ഇവിടെയുണ്ട്.

സ്വകാര്യ മേഖലയിലടക്കം ആകർഷകമായ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകളാണ് കേരള സർക്കാരിന്റെ തുടർവിദ്യാഭ്യാസ പദ്ധതി മുഖേന ഇനി മുതൽ എറണാകുളം ഗവ. വിമൺസ് പോളിടെക്നിക് കോളേജിൽ ചുരുങ്ങിയ ചെലവിൽ പഠിക്കാൻ അവസരമൊരുക്കുന്നത്.

ലോകത്താകമാനം ഏറ്റവുമധികം തൊഴിലവസരങ്ങളുള്ള ലോജിസ്റ്റിക്സ് & ഷിപ്പിങ് മാനേജ്മെന്റ്, എയർപോർട്ട് മാനേജ്മെന്റ്, ഫിറ്റ്നസ് ട്രെയിനർ, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിലാണ് പ്രൊഫഷണൽ ഡിപ്ലോമ സർട്ടിഫിക്കേഷൻ നേടാൻ സാധിക്കുക. കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പും വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നേടാനുള്ള സൗകര്യങ്ങളും തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും www.ccekcampus.org എന്ന വെബ്സൈറ്റ് സന്ദർശിക്കാം. അല്ലെങ്കിൽ CCEK ക്യാമ്പസ് പ്രോഗ്രാമുകളുടെ ഹെൽപ്പ് ലൈൻ നമ്പറായ 6235525524ൽ നേരിട്ട് വിളിക്കാം.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ചരിത്ര പുസ്തകം പ്രകാശനം ചെയ്തു

**കാക്കനാട്:** സീറോമലബാർസഭയുടെ ഗവേഷണ പഠന കേന്ദ്രമായ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ നേതൃത്വത്തിൽ നടന്ന ചരിത്ര ഗവേഷണ പഠനഫലമായി രൂപംകൊണ്ട ' അപ്പസ്തോലേറ്റ് ഓഫ് സെന്റ് തോമസ് ഇൻ ഇൻഡ്യ '

'Apostolate of St. Thomas in India' എന്ന ഗ്രന്ഥം സീറോമലബാർസഭ അധ്യക്ഷൻ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു. ക്രിസ്തു ശിഷ്യനായ തോമാശ്ലീഹായുടെ ഭാരത പ്രേഷിതപ്രവർത്തനത്തിന്റെ ചരിത്ര തെളിവുകളിലേക്ക് വെളിച്ചം വീശുന്നതാണ് പുസ്തകത്തിന്റെ ഉള്ളടക്കം. പ്രൊഫസർ ഫാ. പയസ് മലേക്കണ്ടത്തിൽ ആണ് പുസ്തകത്തിന്റെ ചീഫ് എഡിറ്റർ. പതിനാല് അധ്യായങ്ങളുള്ള ഈ ചരിത്രഗ്രന്ഥം ജ്യോതി Publishers, Delhi ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. കാക്കനാടുള്ള ലിറ്റർജിക്കൽ റിസേർച്ച് സെന്ററിൽ കോപ്പികൾ ലഭ്യമാണ്.



# അട്ടപ്പാടിയിലെ ഭിന്നശേഷിക്കുട്ടികൾക്ക് ഇനി സ്വന്തമായി വീട്; എംഎ യൂസഫലിക്ക് നന്ദി പറഞ്ഞ് സജി-ബിസ്ന ദമ്പതികൾ

**പാലക്കാട്:** ഭിന്നശേഷിക്കാരായ കുട്ടികളുമായി തെരുവിലേക്ക് ഇറങ്ങേണ്ടി വരുമെന്ന ആശങ്ക ഒഴിഞ്ഞതിന്റെ ആശ്വാസത്തിലാണ് സജി-ബിസ്ന ദമ്പതികൾ. ഈ കുട്ടികൾക്ക് സ്വന്തമായി വീടെന്ന സ്വപ്നം ലുലു ഗ്രൂപ്പ് ചെയർമാൻ എംഎ യൂസഫലി യാഥാർത്ഥ്യമാക്കി. വീട് വാങ്ങാനാവശ്യമായ 15 ലക്ഷം രൂപയുടെയും കുട്ടികളുടെ ദൈനംദിന ചെലവിനായി 5 ലക്ഷം രൂപയുടെയും ചെക്ക് എംഎ യൂസഫലിക്ക് വേണ്ടി ലുലു ഗ്രൂപ്പ് പ്രതിനിധികൾ സജി-ബിസ്ന ദമ്പതികൾക്ക് കൈമാറി.

അട്ടപ്പാടി മുക്കാലി സ്വദേശികളായ സജിയും ബിസ്നയും 26 ഭിന്നശേഷിക്കുട്ടികൾക്കാണ് ദയശ്രേയ ചാരിറ്റബിൾ റീഹാബിലേഷൻ സൊസൈറ്റിയിലൂടെ തണലേകുന്നത്. വിവാഹശേഷം കുട്ടികൾ ഇല്ലാതിരുന്ന ഇവർ പ്രത്യേക പരിചരണം ആവശ്യമായ ഭിന്നശേഷിക്കുട്ടികളെ ഏറ്റെടുത്ത് സംരക്ഷിക്കുകയാണ്. കേരളത്തിന്റെ വിവിധയിടങ്ങളിലുള്ള ഭിന്നശേഷിക്കുട്ടികൾക്ക് സജിയും ബിസ്നയുമാണ് ഇപ്പോൾ അച്ഛനും അമ്മയും. ഇവരുടെ ചെലവും വീട്ടു വാടകയും സാധാരണക്കാരായ ഈ ദമ്പതികൾക്ക് താങ്ങാനാവുന്നതിലും അപ്പുറമായിരുന്നു. സാമ്പത്തിക പ്രയാസത്തെ തുടർന്ന് ആദ്യം താമസിച്ചിരുന്ന വാടക കെട്ടിടത്തിൽ നിന്ന് ഇവർക്ക് ഇറങ്ങേണ്ടി വന്നു. പിന്നീടാണ് അട്ടപ്പാടി മുക്കാലിയിലെ ഈ വീട്ടിലേക്ക് ഇവർ മാറിയത്. ഈ വീടുമായി കുട്ടികൾ നല്ല അടുപ്പമാണ് പുലർത്തിയിരുന്നത്. ഇതിനിടെ ആറ് മാസത്തിനകം വീട് വിൽക്കുമെന്ന് ഉടമസ്ഥൻ അറിയിച്ചതോടെ കുട്ടികളുമായി തെരുവിലേക്ക് ഇറങ്ങേണ്ടി വരുമോയെന്ന ആശങ്കയിലായി ഈ ദമ്പതികൾ.

നാട്ടുകാരുടെ സഹായത്തോടെ നാല് ലക്ഷം രൂപ സംഘടിപ്പിക്കാനായെങ്കിലും വീട് സ്വന്തമാക്കണമെങ്കിൽ 15 ലക്ഷം രൂപ കൂടി ആവശ്യമായിരുന്നു. ദൈനംദിന ചെലവിന് തന്നെ ബുദ്ധിമുട്ടുന്നതിനിടെ ഇത്രയും വലിയ തുക എങ്ങനെ സ്വരൂപിക്കുമെന്ന ആശങ്കയിലായിരുന്നു ഇവർ. ലുലു ഗ്രൂപ്പ് ചെയർമാൻ എംഎ യൂസഫലി നാട്ടിൽ വരുന്നുണ്ടെന്ന് ആരോ പറഞ്ഞത് വിശ്വസിച്ച്ഇവർ നാട്ടികയിലെത്തി ഒരു ദിവസം കാത്തുനിന്നെങ്കിലും നിരാശരായി. ഇതിനിടെയാണ് ദയശ്രേയ ചാരിറ്റബിൾ റീഹാബിലേഷൻ സൊസൈറ്റിയുടെ അവസ്ഥ സമൂഹമാധ്യമങ്ങളിലൂടെ എംഎ യൂസഫലിയുടെ ശ്രദ്ധയിൽപ്പെട്ടത്. ഉടനടി തന്നെ ഈ കുട്ടികളുടെ സങ്കടം പരിഹരിക്കണമെന്ന് എംഎ യൂസഫലി ലുലു ഗ്രൂപ്പ് പ്രതിനിധികൾക്ക് നിർദ്ദേശം നൽകി. ലുലു ഇന്ത്യ മീഡിയ ഹെഡ് എൻബി സ്വരാജ്, ലുലു പാലക്കാട് ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജയേഷ് നായർ, ഹൈപ്പർമാർക്കറ്റ് മാനേജർ ഹരികൃഷ്ണൻ എസ് എന്നിവർ ചേർന്ന് അട്ടപ്പാടി മുക്കാലിയിലെ ഇവരുടെ വീട്ടിലെത്തി 20 ലക്ഷം രൂപയുടെ ചെക്കുകൾ കൈമാറി.



# കേരള സോളാർ എനർജി ബങ്ക് പ്രവർത്തനമാരംഭിച്ചു

**തൃശൂർ:** സൗരോർജ മേഖലയിലെ സോളാർ ഇൻസ്റ്റാളേഷനും അനുബന്ധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി കേരള സോളാർ എനർജി ബങ്ക് സ്ഥാപിതമായി. കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക (എംഎസ്എംഇ) വകുപ്പും ഇസാഫ് ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിച്ച ഊർജ്ജബന്ധു സൗരോർജ പരിശീലന കോഴ്സ് വിജയകരമായി പൂർത്തീകരിച്ച പതിനേഴോളം ടെക്നീഷ്യന്മാർ ചേർന്നാണ് സ്ഥാപനം ആരംഭിച്ചത്. എംഎസ്എംഇയുടെ തൃശൂരിലുള്ള ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസിൽ സംഘടിപ്പിച്ച, സ്ഥാപനത്തിന്റെ പ്രവർത്തനോദ്ഘാടനം എംഎസ്എംഇ ജോയിന്റ് ഡയറക്ടർ ജി എസ് പ്രകാശ് നിർവഹിച്ചു. ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോൾ സ്ഥാപനത്തിന്റെ ലോഗോ പുറത്തിറക്കി. എംഎസ്എംഇ അസിസ്റ്റന്റ് ഡയറക്ടർ പി ബി സുരേഷ് ബാബു IEDS, ഇസാഫ് ഫൗണ്ടേഷൻ അസ്സോസിയേറ്റ് ഡയറക്ടർ ജോൺ പി ഇഞ്ചക്കലോടി, ഊർജ്ജബന്ധു സൗരോർജ കോഴ്സിന്റെ പരിശീലകൻ കണ്ണൻ ഡി, കേരള സോളാർ എനർജി ബങ്ക് കമ്പനി സെക്രട്ടറി എം കൃഷ്ണകുമാർ, സന്തോഷ് എൻ ജി, ആന്റണി പി പി എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ, കൂടുതൽ സോളാർ ഇൻസ്റ്റാൾ ചെയ്തതിനുള്ള അവാർഡ് സംരംഭക പി കെ നസ്ലയ്ക്ക് ലഭിച്ചു.

# ഗസ്റ്റ് ലക്ചറർ ഒഴിവ്

**തിരുവനന്തപുരം:** നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളജിൽ ഒഴിവുള്ള മെക്കാനിക്കൽ എനജിനിയറിങ് ഗ്രാഫിക്സ് തസ്തികയിൽ ആറു മാസത്തേക്ക് ഗസ്റ്റ് ലക്ചറർ തസ്തികയിൽ നിയമനം നടത്തുന്നതിന് ജൂലൈ 10 ബുധനാഴ്ച രാവിലെ 10.30 ന് കൂടിക്കാഴ്ച നടക്കും. ബന്ധപ്പെട്ട വിഷയത്തിൽ ഒന്നാം ക്ലാസ് ബിരുദമാണ് (മെക്കാനിക്കൽ എൻജിനിയറിങ്ങിൽ ബി.ടെക്) യോഗ്യത ഉയർന്ന യോഗ്യതയും പ്രവൃത്തി പരിചയവും ഉള്ളവർക്ക് മുൻഗണന നൽകും.

താത്പര്യമുള്ളവർ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, ബയോഡാറ്റ എന്നിവ സഹിതം നെടുമങ്ങാട് ഗവ. പോളിടെക്നിക് കോളജ് പ്രിൻസിപ്പാൾ മുമ്പാകെ ഹജരാകണം.

# എറണാകുളം മെഡിക്കൽ കോളജിൽ ഇ. എൻ. ടി പരിശോധനയ്ക്ക് എൻഡോസ്കോപ്പ് മെഷീൻ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ഇ. എൻ.ടി വിഭാഗത്തിൽ അത്യാധുനിക രീതിയിലുള്ള ഫ്ളെക്സിബിൾ റൈനോ ഫാരിങ്കോ ലാരിങ്കോസ്കോപ്പ്, സ്ട്രോബോസ്കോപ്പ് മെഷീൻ സ്ഥാപിച്ചു. അമേരിക്കൻ നിർമ്മിത മെഷീൻ ആണിത്. മുതിർന്നവരിലും കൊച്ചു കുട്ടികളിലും ഉണ്ടാകുന്ന ഒച്ചയടപ്പും ശബ്ദത്തിൽ ഉണ്ടാകുന്ന മറ്റു വ്യതിയാനങ്ങളും പരിശോധിച്ച് രോഗനിർണ്ണയം സുഗമമാക്കുന്നതിന് ഈ മെഷീൻ സഹായിക്കുമെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ പറഞ്ഞു.വിവിധ കാരണങ്ങളാൽ ഭക്ഷണം വിഴുങ്ങാൻ ബുദ്ധിമുട്ടുള്ള രോഗികളെ ഫ്ളെക്സ്ബിൾ റൈനോ ഫാരിങ്കോ ലാരിങ്കോസ്കോപ്പ് മുഖേന ഫ്ളക്സ്ബിൾ എൻഡോസ്കോപിക് ഇവാല്യുയേഷൻ ഓഫ് സൊല്ലോവിങ് (എഫ് ഇ ഇ എസ് )പരിശോധന നടത്തി രോഗാവസ്ഥ കണ്ടെത്തുന്നതിനു കഴിയുന്നു . പ്രധാനമായും ക്യാൻസർ രോഗബാധിതരിലും പക്ഷാഘാതം സംഭവിച്ചവരിലും ഉണ്ടാകാറുള്ള തൊണ്ടയിലെ തടസങ്ങൾ തിരിച്ചറിഞ്ഞു ഫലപ്രദമായ ചികിത്സ ലഭ്യമാക്കാൻ സാധിക്കുന്നു.രോഗികളുടെ ആവശ്യങ്ങൾ പരിഗണിച്ച് ഗുണനിലവാരമുള്ള ചികിൽസാ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഇത്തരത്തിലുള്ള പുതിയ മെഷീനുകൾ സ്ഥാപിക്കുന്നതിലൂടെ എറണാകുളം മെഡിക്കൽ കോളേജ് ലക്ഷ്യമാകുന്നത്. 2022-2023 പ്ലാൻ ഫണ്ട് പ്രകാരം കെ എം എസ് സി എൽ വഴിയാണ് മെഷീൻ വാങ്ങിയിട്ടുള്ളത്. 25 ലക്ഷം രൂപയാണ് ചെലവ്



സൊസൈറ്റി ടുഡേ
SOCIETY TODAY

# വനിതാ നിക്ഷേപകരുടെ എണ്ണത്തിൽ 3.6 മടങ്ങ് വർധനവെന്ന് പഠനം

**കൊച്ചി:** വനിതാ നിക്ഷേപകരുടെ എണ്ണത്തിൽ 3.6 മടങ്ങ് വർധനവ് രേഖപ്പെടുത്തിയതായി ആക്സിസ് മ്യൂചൽ ഫണ്ടിൻറെ പഠനം ചൂണ്ടിക്കാട്ടുന്നു. 2019 മാർച്ച് 31 മുതൽ 2023 ഡിസംബർ 31 വരെയുള്ള വിവരങ്ങളാണ് ആക്സിസ് മ്യൂചൽ ഫണ്ടിൻറെ വനിതാ നിക്ഷേപക സ്വഭാവത്തെ കുറിച്ചുള്ള 2024ലെ റിപ്പോർട്ട് വിശകലനം ചെയ്തത്. ഈ കാലയളവിൽ കേരളത്തിലെ വനിതകൾ കൈകാര്യം ചെയ്യുന്ന ആസ്തികളിൽ 3.7 മടങ്ങ് വർധനവ് രേഖപ്പെടുത്തിയതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.വനിതാ നിക്ഷേപകരിൽ 72 ശതമാനവും സ്വതന്ത്രമായ നിക്ഷേപ തീരുമാനങ്ങളാണ് ഇപ്പോൾ കൈക്കൊള്ളുന്നതെന്നു പഠനം വ്യക്തമാക്കുന്നു. അന്തിമമായ ഈ സ്വതന്ത്ര തീരുമാനം കൈക്കൊള്ളുന്നതിനു മുൻപ് 70.4 ശതമാനം വനിതകളും പ്രൊഫഷണലുകളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും കുടുംബത്തിൽ നിന്നും നിക്ഷേപ സംബന്ധിയായ ഉപദേശവും തേടുന്നുണ്ട്. മുൻകാല പ്രകടനങ്ങൾ അവരുടെ മ്യൂചൽ ഫണ്ട്



നിക്ഷേപങ്ങളെ സ്വാധീനിക്കുന്ന മുഖ്യ ഘടകമാണെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.ആക്സിസ് മ്യൂചൽ ഫണ്ടിൻറെ നിക്ഷേപകരെ കുറിച്ചുള്ള തങ്ങളുടെ പഠനത്തിലൂടെ മനസിലാകുന്നത് ആക്സിസ് മ്യൂചൽ ഫണ്ട് നിക്ഷേപകരിൽ 30 ശതമാനം വനിതകളാണെന്നാണെന്ന് ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു. വനിതകളുടെ നിക്ഷേപ മുൻഗണനകൾ കണക്കിലെടുത്തുള്ളതും അവരെ സാമ്പത്തിക രംഗത്തെ യാത്രയിൽ ശാക്തീകരിക്കുന്നതുമായ പദ്ധതികൾ ആക്സിസ് എഎംസി അവതരിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡാറ്റയുടെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങളാണ് തങ്ങളുടെ വനിതാ നിക്ഷേപകർ കൈക്കൊള്ളുന്നതെന്നു പഠനം ചൂണ്ടിക്കാട്ടുന്നതായും ദീർഘകാല ലക്ഷ്യങ്ങളും സ്ഥിരതയും അവർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഘടകങ്ങളാണെന്നും ആക്സിസ് എഎംസി സിഇഒ ആഷിഷ് ഗുപ്ത പറഞ്ഞു. ആക്സിസ് മ്യൂചൽ ഫണ്ടിൻറെ നിലവിലുള്ള രാജ്യത്തുടനീളമുള്ള 1 കോടിയിലധികം വരുന്ന ആക്സിസ് എംഎഫ് ഉപഭോക്താക്കളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്താണ് വനിതാ നിക്ഷേപക സ്വഭാവത്തെ കുറിച്ചുള്ള 2024ലെ റിപ്പോർട്ട് പുറത്തുവിട്ടത്.

# ഡയസൺ എയർസ്ട്രൈറ്റ് സ്ട്രെയിറ്റനർ പുറത്തിറക്കി

**കൊച്ചി:** ഡൈസൺ 'എയർസ്ട്രെയ്റ്റ്' സ്ട്രെയ്റ്റനർ പുറത്തിറക്കി. 45,900 രൂപയാണ് വില. പ്രഷ്യൻ ബ്ലൂ/റിച്ച് കോപ്പർ, ബ്രൈറ്റ് നിക്കൽ/റിച്ച് കോപ്പർ എന്നീ രണ്ട് നിറങ്ങളിൽ ലഭ്യമാണ്. ഡൈസൺ 'എയർസ്ട്രെയ്റ്റ്' സ്ട്രെയ്റ്റനർ വാങ്ങുന്നതിനും കൂടുതൽ അറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തൊട്ടടുത്ത ഡൈസൺ ഡെമോ സ്റ്റോർ അല്ലെങ്കിൽ ഡൈസൺ ഡോട്ട് ഐഎൻ എന്ന വെബ്സൈറ്റ് അല്ലെങ്കിൽ മൈ ഡൈസൺ ആപ്പ് സന്ദർശിക്കണമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ലിറ്റിൽ കൈറ്റ്സ് അവാർഡ് വിതരണവും യൂണിസെഫ് പഠന റിപ്പോർട്ട് പ്രകാശനവും നാളെ

**തിരുവനന്തപുരം:** ലിറ്റിൽ കൈറ്റ്സ് സംസ്ഥാന, ജില്ലാതല അവാർഡ് വിതരണവും യൂണിസെഫിന്റെ പഠന റിപ്പോർട്ട് പ്രകാശനവും ജൂലൈ 6 ന് വൈകിട്ട് 3 മണിയ്ക്ക് കേരള നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും. യൂണിസെഫ് ഇന്ത്യ എഡ്യുക്കേഷൻ സ്പെഷ്യലിസ്റ്റ് പ്രമീള മനോഹരൻ, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജിന് പഠന റിപ്പോർട്ട് കൈമാറും. പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ്, കൈറ്റ് സി.ഇ.ഒ കെ അൻവർ സാദത്ത്, യൂണിസെഫ് സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് ഡോ. അഖില രാധാകൃഷ്ണൻ, ഐടി ഫോർ ചേഞ്ച് ഡയറക്ടർ ഗുരുമൂർത്തി കാശിനാഥൻ തുടങ്ങിയവർ സംസാരിക്കും. ചടങ്ങ് തത്സമയം കൈറ്റ് വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്യും.

# കുട്ടികളിലെ പെരുമാറ്റ പ്രശ്നം: നിപ്മറിൽ എ.ഡി.എച്ച്.ഡി ക്ലിനിക് തുറന്നു

**തിരുവനന്തപുരം:** കുട്ടികളിൽ ഏറ്റമധികം കണ്ടുവരുന്ന പെരുമാറ്റപ്രശ്നമായ അറ്റെൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ പരിഹരിക്കാൻ 'നിപ്മറി'ൽ പ്രത്യേക ക്ലിനിക് ആരംഭിച്ചു.

ശ്രദ്ധക്കുറവ്, അടങ്ങിയിരിക്കാൻ പറ്റാത്ത പ്രകൃതം, അതിരുകടന്ന ആവേശത്തോടെ ചെയ്യുന്ന പ്രവൃത്തികൾ ഇതൊക്കെ പ്രധാന ലക്ഷണങ്ങളായ പെരുമാറ്റ പ്രശ്നമാണ് ക്ലിനിക്കിൽ പരിഹരിക്കുക. നാഡീവികാസത്തെ ബാധിക്കുന്ന അപാകതകളാണ് എ.ഡി.എച്ച്.ഡിയ്ക്ക് വഴിവെക്കുന്നത്. ഈ പെരുമാറ്റപ്രശ്നമുള്ള കുട്ടികൾക്ക് തുടർജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്ത വെല്ലുവിളികൾ നേരിടേണ്ടിവരാറുണ്ട്. തീരെ ചെറുപ്രായത്തിൽ പല കുട്ടികളിലും കണ്ടുവരുമെങ്കിലും പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സക്ക് വിധേയമാക്കാൻ കഴിയാത്തത് ദോഷകരമായി ബാധിക്കും. ഇതിനു പരിഹാരമായാണ് നിപ്മറിൽ പുതിയ സംരംഭമായി എ.ഡി.എച്ച്.ഡി ക്ലിനിക് ആരംഭിച്ചിരിക്കുന്നത്. ഈ മേഖലയിൽ വൈദഗ്ധ്യം ഉള്ള സൈക്കോളജിസ്റ്റുകളാണ് ക്ലിനിക്കിന് നേതൃത്വം നൽകുന്നത്.

അഞ്ചുകുട്ടികൾ വീതം ഉള്ള ബാച്ചിന് ഒന്നിടവിട്ട ദിവസങ്ങളിൽ ക്ലിനിക്കിൽ ഒന്നര മണിക്കൂർ തെറാപ്പി സെഷൻ ഉണ്ടാവും. പന്ത്രണ്ട് സെഷനുകൾക്കു ശേഷം കുട്ടികളിലുണ്ടാവുന്ന മാറ്റം കണ്ടെത്താൻ ഫോളോ അപ്പ് സെഷനുകളും നൽകും. എ.ഡി.എച്ച്.ഡി ക്ലിനിക്കിലേക്കുള്ള രജിസ്ട്രേഷന് 9288008983 നമ്പറിൽ ബന്ധപ്പെടാം.

# തേവര പേരണ്ടൂർ കനാലിൽ ഫ് ളോട്ടിങ്ങ് വെറ്റ്ലാന്റുകൾ സ്ഥാപിക്കുന്നു

**കൊച്ചി:** ഇന്ററാക്ട് ജൈവവൈവിധ്യ പദ്ധതിയുടെ ഭാഗമായി തേവര പേരണ്ടൂർ കനാലിൽ ഫ് ളോട്ടിങ്ങ് വെറ്റ്ലാന്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നു. ജലാശങ്ങളിലെ മലിനീകരണ നിയന്ത്രണത്തിനായുള്ള പ്രകൃതി ദത്ത പരിഹാര മാർഗ്ഗമാണ് ഫ്ലോട്ടിങ്ങ് വെറ്റ്ലാന്റുകൾ. ജലമലിനീകരണത്തിന് കാരണമാകുന്ന രാസവസ്തുക്കൾ വലിച്ചെടുത്ത് നിർവ്വീരമാക്കാൻ ശേഷിയുള്ള സസ്യങ്ങൾ ജലത്തിൽ പൊങ്ങിക്കിടക്കുന്ന പ്രത്യേകം തയ്യാറാക്കിയ തട്ടുകളിൽ വളർത്തിയെടുക്കുന്ന രീതിയാണിത്. ചക്കര ചേമ്പ്, കടൽ താളി, കുടപ്പുല്ല് തുടങ്ങിയ സസ്യങ്ങളാണ് ഇതിനായി ഉപയോഗിക്കുക.

ജലാശങ്ങളിലെ മലിനീകരണ നിയന്ത്രണത്തോടൊപ്പം കനാൽ സൗന്ദര്യവത്കരണത്തിനും ലോകവ്യാപകായി ഫ്ളോട്ടിങ്ങ് വെറ്റ്ലാന്റുകൾ ഉപയോഗിക്കപ്പെടുന്നുണ്ട്. സൗത്ത് പനമ്പിള്ളി നഗർ വാക് വേയോട് ചേർന്നുള്ള കനാലിലാണ് ആറടി നീളവും ആറടി വീതിയുമുള്ള എട്ട് ഫ്ളോട്ടിങ്ങ് വെറ്റ്ലാന്റുകൾ സ്ഥാപിക്കുക. ഇന്ന് ഉച്ചയ്ക്ക് 12:00 മണിയോടെ ഫ് ളോട്ടിങ്ങ് വെറ്റ്ലാൻഡുകൾ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഐ.സി. എൽ. ഇ.ഐ. ദക്ഷിണേഷ്യയുടെ സഹകരണത്തോടെ അന്താരാഷ്ട്ര കാലാവസ്ഥാ സംരഭത്തിന്റെ സാമ്പത്തിക സഹായത്തോടെ കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇന്ററാക്ട് ബയോ ജൈവ വൈവിധ്യ പദ്ധതി. പദ്ധതിയുടെ ഏകോപന നിർവഹണവും നിർവഹിക്കുന്നത് സെന്റർ ഫോർ ഹെറിറ്റേജ്, എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് (സിഹെഡ്) ആണ്.

